# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## എടവണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/1758/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/12/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/1758/2021 തീയ്യതി: 16/12/2021

## മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-02-2020 മുതൽ 15-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അബ്ദുൽ സത്താർ.സി.പി (ഓഡിറ്റ് ഓഫീസർ.)
2. ശ്രീ.സന്തോഷ്.പി.ടി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. ശ്രീ.രാമകൃഷ്ണൻ.ടി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീ.റഷീദ്.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
5. ശ്രീമതി.സുജാത.എം (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഉഷാ നായർ.ബി.വി | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| ശ്രീ.അഭിലാഷ്.ടി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| കാര്യനിർവ്വഹണ സമിതി | പ്രസിഡന്റ് | 06-11-2020 | 29-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആശ ഗോപാൽ | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.ജയ് | സെക്രട്ടറി | 16-06-2020 | 27-02-2021 |
| ശ്രീമതി.ജ്യോതി.ജെ | സെക്രട്ടറി | 28-02-2021 | 31-03-2021 |
| ശ്രീമതി.ബീന.പി | അസി.സെക്രട്ടറി | 01-04-2020 | 12-08-2020 |
| ശ്രീ.സുകു.കെ | അസി.സെക്രട്ടറി | 13-08-2020 | 12-02-2021 |
| ഒഴിവ് | അസി.സെക്രട്ടറി | 13-02-2021 | 07-03-2021 |
| ശ്രീ.അജയ്.എ | അസി.സെക്രട്ടറി | 08-03-2021 | 31-03-2021 |
| ശ്രീമതി.സീനത്ത്.കെ.കെ | കൃഷി ഓഫീസർ | 01-04-2020 | 02-09-2020 |
| ശ്രീമതി.സബ്ന.പി.കെ | കൃഷി ഓഫീസർ | 03-09-2020 | 15-10-2020 |
| ശ്രീമതി.ഫസീല.ടി.കെ | കൃഷി ഓഫീസർ | 16-10-2020 | 31-03-2021 |
| ശ്രീ.സുധാകരൻ.പി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.മൻസൂറലി.വി.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 10-02-2021 |
| ഡോ.ജനീഫ്.പി.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 11-02-2021 | 31-03-2021 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ബീന.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി.രജിത | അസിസ്റ്റന്റ് | 01-04-2020 | 26-06-2020 |

| | | | |
|---|---|---|---|
| | എഞ്ചിനിയർ | | |
| ശ്രീ.ഷരീഫ്.കെ.സി | അസിസ്റ്റന്റ് എഞ്ചിനിയർ | 27-06-2020 | 09-02-2021 |
| ശ്രീ.രഘു.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 10-02-2021 | 31-03-2021 |
| ഡോ.രജീഷ്.എം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.പുഷ്പജ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിനി.ഒ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 12-06-2020 |
| ശ്രീ.മൊഹ്സിൻ മൊയ്ദീൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-06-2020 | 16-11-2020 |
| ശ്രീമതി.ഹുസ്ന.സി.എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2020 | 31-03-2021 |
| ശ്രീമതി. സനീജ.പി. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Sujatha M (Auditor, On 30-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Sujatha M (Auditor, On 24-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Sujatha M (Auditor, On 24-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Sujatha M (Auditor, On 24-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ.<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 24-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ – അപാകതകൾ<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-11 |
| 12 | തൊഴിൽ നികുതി - വിവിധ അപാകതകൾ.<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-12 |
| 13 | രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Sujatha M (Auditor, On 31-10-2021) | 1-13 |
| 14 | കളക്ഷൻ തുക അടവാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Sujatha M (Auditor, On 31-10-2021) | 1-14 |
| 15 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Sujatha M (Auditor, On 30-10-2021) | 1-15 |
| 16 | തനതുഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Sujatha M (Auditor, On 31-10-2021) | 1-16 |
| 17 | പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട രേഖകൾ / വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-17 |

| | | |
|---|---|---|
| 18 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-18 |
| 19 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി -മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-19 |
| 20 | ഇ-ടെണ്ടർ ഫീ ലഭ്യമാക്കിയില്ല<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-20 |
| 21 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-21 |
| 22 | പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-22 |
| 23 | ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലില്ലാത്ത സ്കൂളിൽ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-23 |
| 24 | പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-24 |
| 25 | മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Sujatha M (Auditor, On 30-10-2021) | 1-25 |
| 26 | പത്തപ്പിരിയം ആരോഗ്യ കേന്ദ്രത്തിൽ ടോയ് ലെറ്റ് -പ്രയോജനം ചെയ്യുന്നില്ല<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-26 |
| 27 | ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 30-10-2021) | 1-27 |
| 28 | അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം.<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-28 |
| 29 | സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-29 |
| 30 | കേരഗ്രാമം - ജൈവവളത്തിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകത.<br>Written By: Rasheed V (Senior Grade Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-30 |
| 31 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Rasheed V (Senior Grade Auditor, On 30-10-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 30-10-2021) | 1-31 |
| 32 | കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭിച്ചില്ല.<br>Written By: Rasheed V (Senior Grade Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-32 |

| | | |
|---|---|---|
| 33 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Sujatha M (Auditor, On 30-10-2021)<br>Last Updated By: Sujatha M (Auditor, On 31-10-2021) | 1-33 |
| 34 | സ്റ്റോറേജ് ബിന്നുകൾ വിതരണം നടത്തിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-34 |
| 35 | എസ് സി പെൺകുട്ടികൾക്ക് ലാപ് ടോപ് വിതരണം -രേഖകളിലെ അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-35 |
| 36 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-36 |
| 37 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-37 |
| 38 | പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 01-11-2021) | 1-38 |
| 39 | തെരുവു വിളക്ക് റിപ്പയർ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-39 |
| 40 | സാക്ഷരതാ പ്രേരകിന് ഹോണറേറിയം- തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 01-11-2021) | 1-40 |
| 41 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-41 |
| 42 | അജൈവമാലിന്യങ്ങൾ സംസ്ക്കരിക്കൽ - സർക്കാർ ഉത്തരവുകൾ പാലിച്ചില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-42 |
| 43 | ശുചിത്വ കേരളം - ക്ലീൻ എടവണ്ണ -ചെലവുരേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 01-11-2021) | 1-43 |
| 44 | തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-44 |
| 45 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് നൽകിയ തുക – പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-44-1 |
| 46 | തെരുവ് വിളക്ക് സ്ഥാപനം / സൂപ്പർ വിഷൻ ചാർജ് അടവാക്കിയത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 1-44-2 |
| 47 | സ്റ്റോക്ക്,ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-44-3 |

| | | |
|---|---|---|
| 48 | ചെലവുരേഖകൾ /തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 1-44-4 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 30-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Sujatha M (Auditor, On 29-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 16-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujatha M (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 09-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1- 23.03.2020 | 3/01-12.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 03.06.2021 | ബാധകമല്ല. | ബാധകമല്ല. |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 38212959 |
| വരവ് | 129991635 |
| ആകെ | 168204594 |
| ചെലവ് | 135316583 |
| നീക്കിയിരിപ്പ് | 32888011 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20697326 | 20697326 | 19823518 | 873808 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 14790341 | 14790341 | 13398917 | 1391424 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 918884 | 918884 | 850694 | 68190 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 26983000 | 26983000 | 26803936 | 179064 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5928426 | 5928426 | 5837434 | 90992 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Basic | 0 | 17402663 | 17402663 | 10725774 | 6676889 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied Grant | 0 | 8090000 | 8090000 | 2149970 | 5940030 |
| ബി ഫണ്ട് | 0 | 75999700 | 75999700 | 75999700 | 0 |

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 383 | 237109707 | 306 | 111073175 | 54 | 77 | 65.31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2824 | 1457802 | 1460626 | 1459786 | 840 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22340542 | 22340542 | 22340542 | 0 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5191400 | 379 |
| വിധവാപെൻഷൻ | 21914700 | 1494 |
| വാർദ്ധക്യകാലപെൻഷൻ | 38742900 | 2988 |
| വികലാംഗപെൻഷൻ | 9070500 | 635 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | 360000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 720200 | 52 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് 3.15 Pm വരെയുള്ള വരവ് പ്രകാരമുള്ള തുകയിൽ കൗണ്ടറിൽ 94 രൂപയുടെ കുറവ് ഉണ്ടായിരുന്നു. ഇത് ഫ്രണ്ട് ഓഫീസിൽ പണം അടവാക്കാൻ വന്ന നികുതിദായകന് പണം ബാക്കി നൽകിയപ്പോൾ വന്ന പിഴവ് കാരണം സംഭവിച്ചതാണെന്ന് മറുപടി ലഭ്യമാക്കുകയും 22.10.2021 ന് ബാങ്ക് അവധി ആയതിനാൽ അടവാക്കാതിരുന്ന 22.10.2021 ലെ 24941 രൂപയും 23.10.2021 ലെ ആകെ കളക്ഷൻ 73377 രൂപയും ബാങ്കിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും ചെയ്തു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല. ഭൂരിഭാഗം സ്റ്റോക്കുകളുടെയും വിവരം കണ്ടിജന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തി കാണുന്നത്.

കൂടാതെ, ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പാലിക്കുന്നില്ല.

3)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്റ്റുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2020-21 വർഷത്തെ പ്രോജക്റ്റുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

വ്യക്തമായ ലക്ഷ്യബോധവും, ആസൂത്രണവുമില്ലാതെ പദ്ധതിപണം ചെലവഴിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

4)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം,ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും നേതൃത്വപരമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കേണ്ടതും അന്തിമ വിശകലനം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളിലും ക്രിയാത്മകപങ്ക് വഹിക്കേണ്ടത് സ്റ്റാന്റിംഗ് കമ്മറ്റികളുടെ ചുമതലയാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടൽ പര്യാപ്തമല്ല.

5) 2020-21 വർഷത്തിൽ പർച്ചേസിംഗ് കമ്മറ്റി രൂപികരിച്ചിട്ടില്ല.

6)വൗച്ചറുകളുടെ സൂക്ഷിപ്പ് ശരിയായല്ല. വൗച്ചറുകൾ സീരിയൽ നമ്പർ ക്രമത്തിൽ സൂക്ഷിക്കുന്നില്ല. ഫയലുകളുടെ സൂക്ഷിപ്പും ശരിയായല്ല. വൗച്ചറുകളിൽ ചെലവിനാധാരമായ കാരണം കൃത്യമായി രേഖപ്പെടുത്തുന്നില്ല. തനത്ഫണ്ട് വൗച്ചറുകളുടെ കൂടെ ചെലവിനാധാരമായ വിവരങ്ങൾ രേഖപ്പെടുത്തിയ സെക്രട്ടറിയുടെ ഉത്തരവ്, ചെലവ് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, കൃത്യമായ ചെലവുരേഖകൾ എന്നിവ സൂക്ഷിക്കേണ്ടതും കണ്ടിജന്റ് ചെലവുകൾ സംബന്ധിച്ച് കൃത്യമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടതും, അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

7) പ്രോജക്റ്റുകളുടെ നടത്തിപ്പിൽ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്. സെക്രട്ടറിയുടെ പ്രോജക്റ്റുളിൽ മിക്കതും ശരിയായി രേഖകൾ സൂക്ഷിക്കാത്തതിന്റെ അവസ്ഥ പ്രകടമാണ്. വിശദാംശങ്ങൾ ഭാഗം ഒന്നിലെ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

8) തെരുവ് വിളക്കുകളുടെ എണ്ണം, ഇനം മുതലായവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). വൈദ്യുതി ചാർജ് ഇനത്തിൽ നല്ലൊരു തുക ഗ്രാമപഞ്ചായത്ത് മാസംതോറും അടവാക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തെരുവിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും ഒരു വിവരവും ഗ്രാമപഞ്ചായത്തിൽ ഇല്ല. തൻവർഷവും ഇത്തരം പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആയവ സംബന്ധിച്ചും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

9) 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. എടവണ്ണ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ആയതു രൂപീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി തന്നിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർനടപടി അറിയിക്കേണ്ടതാണ്.

10) വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുമ്പോൾ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഫയലിൽ ആവശ്യമാണ്. എന്നാൽ പാലിന് സബ്സിഡി പോലുള്ള പ്രൊജക്ട് ഫയലിൽ അവ ലഭ്യമാക്കിയിട്ടില്ല. (സ.ഉ.(കൈ) 11/2018/തസ്വഭവ തി. 29-1-2018 ലെ പദ്ധതി മാർഗരേഖ ഖണ്ഡിക 11.3 കാണുക)

11) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേട്ടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് ) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2021 | 01.07.2021 മുതൽ 30.09.2021 വരെ | 21.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.06.2017 മുതൽ 23.06.2017 വരെ | 2012-13 മുതൽ 2016-17 വരെ | 03-08-2017 |

## 1-11 വാർഷികകണക്കുകളിലെ – അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). വികസന ഫണ്ട്- ജനറൽ, എസ്.സി.പി, ടി.എസ്.പി. എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവ പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2). തൊഴിൽനികുതി(ജീവനക്കാർ,വ്യാപാരികൾ), ലൈസൻസ്, മറ്റുവാടക, വസ്തുനികുതി മുതലായ ഇനങ്ങളിലുള്ള വരവ് വിവരം, വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

3). വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഇനങ്ങളിൽ രേഖപ്പെടുത്തിയ അഡ്വാൻസ് തുകയുടെ ആധികാരിതയും രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല.

4). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലിക മാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടറുടെ 2/8/2018 ലെ 92146/2019/J(DP)PAN J8-22652/2018 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് അസി.സെക്രട്ടറി ശ്രീമതി. ബീന.പി.എം നെ 3.6.2019 ലെ 40/2019 ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരുന്നെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5). ലോൺ രജിസ്റ്റർ ലഭ്യമാക്കാത്തിനാൽ B5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ KURDFC Loan തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6). ബാങ്ക് ബുക്കുകൾ എല്ലാ മാസാവസാനവും പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതെ, വർഷാവസാനം ഒന്നിച്ച് പ്രിന്റെടുത്തിരിക്കുകയാണ്. റീകൺസിലേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല.

7). B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

I) 320100121- ഐ സി ഡി എസ് - 4759069.00

Ii) 320200322 - Grant From Suchitha Mission – 4120885.00

Iii) 320300103 - Total Sanitation- 425000.00

Iv) 320700204 - Contributions For Other Specific Purposes (For Revenue Expenditure)-From Block Panchayaths – 518450.00

V). 320700205 - Contributions For Other Specific Purposes (For Revenue Expenditure)-From District Panchayaths – 22150.00

Vi). 320700404 - Contributions For Other Specific Purposes (For Revenue Expenditure)-From Block Panchayaths – 167000.00

Vii). 320700405 - Contributions For Other Specific Purposes (For Revenue Expenditure)-From District Panchayaths – 377800.00

Viii). 320800101 - Beneficiary Contribution – 151711.00

8). വസ്തു നികുതി പിരിഞ്ഞു കിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9). ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B-7 , RP-34 പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10). അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18, RP- 47 എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11) പ്രതിദിനം പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട കാഷ് ബുക്കിനു പകരം, കാഷ് ബുക്ക് സമ്മറി, ഡേ ബുക്ക് എന്നിവയാണ് ഹാജരാക്കിയത്.

12). ലൈഫ് ഭവന പദ്ധതി-എസ്.സി. എന്ന പദ്ധതിക്ക് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,40,000/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 33/*20-21* /29.10.21)

മറുപടി ലഭ്യമാക്കിയില്ല.

## 1-12 തൊഴിൽ നികുതി - വിവിധ അപാകതകൾ.

1). ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എടവണ്ണ ഗ്രാമപഞ്ചായത്ത് ഓഫീസിലെ താഴെ പറയുന്ന 2 ജീവനക്കാർ സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.മുഹമ്മദ് സാലിഹ്.എം | ഡ്രൈവർ |
| 2 | ശ്രീ.അബ്ദുൾ ഗഫൂർ | ഡ്രൈവർ |

ഈ ജീവനക്കാർ 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2). സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനത്തിന്റെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ. | സ്ഥാപനത്തിന്റെ പേര് | ബാധകമായ അർദ്ധവർഷം. |
|---|---|---|
| 1 | ബി.എസ്.എൻ.എൽ എടവണ്ണ. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ. |
| 2 | എസ്.ബി.ഐ എടവണ്ണ | രണ്ടാം അർദ്ധവർഷം. |
| 3 | എടവണ്ണ എംപ്ലോയീസ് & റിട്ടയേർഡ് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ. |
| 4 | കേരള ഗ്രാമീണ ബാങ്ക് | രണ്ടാം അർദ്ധവർഷം. |
| 5 | രാജഗിരി ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം. |
| 6 | കാനറ ബാങ്ക് | രണ്ടാം അർദ്ധവർഷം. |
| 7 | വെങ്കിടേശ്വര ഹാച്ചറീസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം. |
| 8 | എടവണ്ണ പ്രൈവറ്റ് ഐ.റ്റി.ഐ | ഒന്നാം അർദ്ധവർഷം. |
| 9 | സി.എസ്.ബി ബാങ്ക് ലിമിറ്റഡ്, എടവണ്ണ. | ഒന്നാം അർദ്ധവർഷം. |

3). താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ. | സ്ഥാപനത്തിന്റെ പേര് | ബാധകമായ അർദ്ധവർഷം. |
|---|---|---|
| 1 | പ്രെയ്സ് വിൽ പബ്ലിക് സ്കൂൾ | രണ്ടാം അർദ്ധവർഷം. |
| 2 | എടവണ്ണ എംപ്ലോയീസ് & റിട്ടയേർഡ് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ. |
| 3 | കുടുംബശ്രീ ഓഫീസ് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ. |
| | | |

| | | |
|---|---|---|
| 4 | ജലനിധി ഓഫീസ് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ. |
| 5 | കാർഷിക സഹായക സംഘം, എടവണ്ണ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ. |
| 6 | പോസ്റ്റ് ഓഫീസ്, എരഞ്ഞിക്കോട് | രണ്ടാം അർദ്ധവർഷം. |
| 7 | കേരള ഗ്രാമീണ ബാങ്ക് | രണ്ടാം അർദ്ധവർഷം. |
| 8 | ആപ്പിൾ ഗ്രാനൈറ്റ്സ്, മുണ്ടേങ്ങര | ഒന്നാം അർദ്ധവർഷം. |
| 9 | സി.എസ്.ബി ബാങ്ക് ലിമിറ്റഡ്, എടവണ്ണ. | ഒന്നാം അർദ്ധവർഷം. |
| 10 | കാനറാ ബാങ്ക് | രണ്ടാം അർദ്ധവർഷം. |
| 11 | പോസ്റ്റ് ഓഫീസ്, ചാത്തല്ലൂർ | രണ്ടാം അർദ്ധവർഷം. |

4). തൊഴിൽ നികുതി കുറവായി ഈടാക്കി.

2020-21 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക, സ്ഥാപനം. | അർദ്ധ വാർഷിക വരുമാനം. | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | രശീതി നമ്പർ/തിയ്യതി | ഈടാക്കിയതിൽ കുറവ്. |
|---|---|---|---|---|---|---|
| 1 | ശ്രീമതി.തങ്കമണി, PTCM, ജി.യു.പി സ്കൂൾ പത്തപ്പിരിയം. | 103060 | 1000 | 750 | 120100104028/24.09.2020 | 250 |
| 2 | ശ്രീമതി.സന്ധ്യ.ടി.കെ, OA, ഗവ.ഹൈസ്കൂൾ പെരകമണ്ണ. | 128393 | 1250 | 1000 | 120100103626/15.09.2020 | 250 |
| ആകെ | | | 2250 | 1750 | | 500 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 12/(2020-21)/26.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

കുറവ് വന്ന 500 രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ

കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 , കേ. പ. രാ. (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 എന്നിവ അനുസരിച്ച് ഓരോ രശീത് ബുക്കും അവ ലഭ്യമായ ഉടൻ തന്നെ സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതുമാണ്. 2020-21 വർഷത്തിൽ ഔട്ട് ഡോർ കളക്ഷനായി ഉപയോഗിച്ച താഴെപ്പറയുന്ന രശീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

| രശീത് ബുക്ക് നം | ഉപയോഗിച്ച കാലയളവ് |
|---|---|
| 5274 | 16.03.2021 മുതൽ 31.03.2021 വരെ |
| 5256 | 16.03.2021 മുതൽ 31.03.2021 വരെ |
| 5258, 5259, 5260, 5262, 5263, 5267, 5268 | 24.02.2021 മുതൽ 27.02.2021 വരെ |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 15/*20-21*/26.10.2021 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-14 കളക്ഷൻ തുക അടവാക്കിയതിൽ കുറവ്

ഔട്ട് ഡോർ കളക്ഷൻ തുക ഫ്രണ്ട് ഓഫീസിൽ അടവാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | രശീതി നം /തിയ്യതി | രശീതി പ്രകാരം തുക | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| 1 | 5235/ 39 തിയ്യതി. 15.02.2021 | 31 രൂപ | 23 രൂപ | 8 രൂപ |
| 2 | 5246/68 – 100, 5247/1-100, 5249/1-97 തിയ്യതി. 26.02.2021 | 72854 രൂപ | 72784 രൂപ 120100111225/26.02.2021 | 70 രൂപ |
| 3 | 5249/98-100, 5257/1-100,5261/1-100, 5264/1-49 തിയ്യതി. 26.02.2021 | 40208 രൂപ | 39327രൂപ 120100111224/26.02.2021 | 881രൂപ |
| 4 | 5264/89 തിയ്യതി. 09.03.2021 | 39 രൂപ | 28 രൂപ | 11രൂപ |
| 5 | 5239/76 തിയ്യതി. 22.01.2021 | 521 രൂപ | 519 രൂപ | 2 രൂപ |
| 6 | 5263/24 തിയ്യതി. 26.02.2021 | 19 രൂപ | 18 രൂപ | 1 രൂപ |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനും കുറവ് വന്ന തുക അടവാക്കാനും ആവശ്യപ്പെട്ട് 19/*20-21*/28.10.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ക്രമ നം 1,2,3,4 പ്രകാരമുള്ള തുക 121100105129/ 29.10.2021 (970/-) , ക്രമ നം 5, 6 എന്നിവ പ്രകാരമുള്ളത് യഥാക്രമം 121100105126/ 29.10.2021, 121100105130/ 29.10.2021 രശീതികൾ പ്രകാരവും അടവാക്കി. കളക്ഷൻ തുക യഥാസമയം കൃത്യമായി അടവാക്കുന്നുണ്ടെന്ന് പരിശോധനാ ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിവ് പരിശോധിച്ചതിൽ 117578/- രൂപ വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കാനുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20 കുടിശ്ശിക | 17686 |
| 2020-21 കുടിശ്ശിക | 99892 |
| ആകെ | 117578 |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 28/*20-21*/29.10.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 തനതുഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് അക്കൗണ്ടിൽ (SBI-Own Fund അക്കൗണ്ട് നമ്പർ. 2561 ) നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൌണ്ട് ചെയ്യപ്പെടുന്നില്ല. അക്കൌണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി. | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 77681/22.04.20 | 22.04.20 | 23.04.20 | 25.04.20 |
| 2 | 777703/12.05.20 | 12.05.20 | 12.05.20 | 13.05.20 |
| 3 | 777726/22.05.20 | 22.05.20 | 25.05.20 | 25.05.20 |
| 4 | 40873/19.01.21 | 19.01.21 | 21.01.21 | 21.01.21 |
| 5 | 40840/31.12.20 | 31.12.20 | 21.01.21 | 21.01.21 |
| 6 | 40866/15.01.21 | 15.01.21 | 21.01.21 | 21.01.21 |
| 7 | 777691, 777692, 777691,777693 /02.05.20 | 02.05.20 | 04.05.20 | 04.05.20 |
| 8 | 40833/31.12.2020 | 31.12.2020 | 27.01.21 | 08.02.21 |
| 9 | 40891/29.01.21 | 29.01.21 | 29.01.21 | 06.02.21 |
| 10 | 40865/15.01.21 | 15.01.21 | 06.02.21 | 06.02.21 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 27/20-21 /29.10.2021) ക്ക് ഗ്രാമ പഞ്ചായത്തിന്റെ ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നതിന് നിലവിൽ ശ്രദ്ധിക്കുന്നുണ്ടെന്നും ആയത് ബിൽ രജിസ്റ്റർ , അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

## 1-17 പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട രേഖകൾ / വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടങ്ങളിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിനു പുറമെ മറ്റ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ / വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്.

2. സ്ഥാപനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ അനുവദിച്ചതിന്റെ ഭരണ സമിതി തീരുമാനം, അതിനു തയ്യാറാക്കിയ ബൈലോ.

3. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

4. മേൽ സ്ഥാപനങ്ങൾക്ക് കെട്ടിടം അനുവദിച്ചപ്പോൾ കരാർ തയ്യാറാക്കിയിട്ടുണ്ടോ / ആയത് ഓരോ വർഷവും പുതുക്കാറുണ്ടോ . ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5. മേൽ കെട്ടിടങ്ങളിലെ വൈദ്യുതി, വെള്ളം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതെങ്ങനെയെന്ന വിവരം.

(ഓഡിറ്റ് എൻക്വയറി 13/*20-21*/26.10.2021 മറുപടി ലഭ്യമാക്കിയില്ല.)

## 1-18 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

ജലീൽ , മുക്കണ്ണൻ ഹൗസ്, കൊളപ്പാട് എന്നവർ തന്റെ ഉടമസ്ഥതയിലുള്ള സ. നം. 71/137/1-1 സ്ഥലത്ത് റസിഡൻഷ്യൽ ബിൽഡിംഗ് ( 2 യൂണിറ്റ്) നിർമ്മിക്കുന്നതിനുള്ള അനുമതിക്കായാണ് A1/10190/20 തിയ്യതി 30.12.2020 നമ്പർ അപേക്ഷ സമർപ്പിച്ചത്. അപേക്ഷ , ഓവർസിയറുടെ സൈറ്റ് പരിശോധനാ റിപ്പോർട്ട് എന്നിവ പ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന ബിൽഡിംഗ് 1 ന്റെ വിസ്തീർണ്ണം 88.50 ച.മീ ,ബിൽഡിംഗ് 2 ന്റെ വിസ്തീർണ്ണം 113 ച.മീ എന്നിങ്ങനെ ആകെ 201.50 ച.മീറ്ററാണ് . A1-BA(12255)/ 2021 തി. 18.01.2021 നമ്പർ പെർമിറ്റ് പ്രകാരം ആകെ 201.50 ച.മീറ്റർ റസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായും കാണുന്നു. മേൽ നിർമ്മാണത്തിന് പെർമിറ്റ് ഫീസിനത്തിൽ 1411 രൂപ ( 201.50x 7= 1411) രൂപ ഈടാക്കേണ്ടതാണെങ്കിലും നോട്ട് ഫയലിൽ 85.72x 14= 1201/- രൂപ എന്നാണ് പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ A1-BA(12255)/ 2021 തി. 18.01.2021 നമ്പർ പെർമിറ്റിൽ പെർമിറ്റ് ഫീസായി 1411 രൂപ 120100108038/18.01.2021 രശീതി പ്രകാരം അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 120100108038/18.01.2021 രശീതി പ്രകാരം യഥാർത്ഥത്തിൽ അടവാക്കിയ തുക 1201 രൂപയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതും പെർമിറ്റിൽ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ രശീതി/തുക വിവരം രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കാനും

ആവശ്യപ്പെട്ട് നൽകിയ 10/20-21/25.10.2021 ഓഡിറ്റ് എൻക്വയറിക്ക് മേലിൽ ഇത്തരം പിഴവുകൾ ആവർത്തിക്കില്ലെന്ന് അറിയിക്കുകയും പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന തുക 210/- രൂപ 121100105134/29.10.2021 രശീതി പ്രകാരം അടവാക്കുകയും ചെയ്തു. പെർമിറ്റ് ഫീസ് ഈടാക്കുന്നതിലും രേഖപ്പെടുത്തുന്നതിലും കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി -മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 29/21 |
| വിനിയോഗിച്ച തുക | 3,00,000/- രൂപ (തനത് ഫണ്ട്) |
| ചെക്ക് നമ്പർ / തിയ്യതി | 4881747 തിയ്യതി. 27.02.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

പദ്ധതി പ്രകാരം 3,00,000 രൂപ പി എച്ച് സി യിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട് . എന്നാൽ 04.06.2021 ലെ LF-509 നമ്പർ ഇൻവോയിസ് പ്രകാരം 84,682/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 02(2020-21)/23.10.2021) മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയുടെ മാനേജിംഗ് ഡയറക്ടറുമായി ഫോണിലൂടെ ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബാക്കി 2,15,318/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യൂവിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 ഇ-ടെണ്ടർ ഫീ ലഭ്യമാക്കിയില്ല

2020-21 വർഷത്തിൽ 126 പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക 3,64,877 മലപ്പുറം എൽ എസ് ജി ഡി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. മേൽ തുകകൾ നാളിതുവരെ പഞ്ചായത്തിനു ലഭിച്ചിട്ടില്ല.

ഇ-ടെണ്ടർ ഫീ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 2-10-2017 ലെ GO(Rt) 3186/2017 LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇതു പ്രകാരം അക്കൗണ്ട് ആരംഭിച്ച് ടെണ്ടർഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യനിർണ്ണയ തുകയുടെ ഒരു ശതമാനം പ്രവത്തികളുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്.1996 ലെ ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈയിനത്തിൽ പഞ്ചായത്ത് തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 7/25-10-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

നിലവിൽ പ്രസ്തുത ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ലെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കാമെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ

2020-21 വർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 295 പ്രോജെക്ടുകൾ ആണ് തയ്യാറാക്കിയത്. അതിൽ 234 എണ്ണം നടപ്പാക്കിയിട്ടുണ്ട്. 61 എണ്ണം നടപ്പാക്കിയിട്ടില്ല. 47 സ്പിൽ ഓവർ പ്രോജെക്ടുകളിൽ 33 എണ്ണം നടപ്പാക്കി, 14 എണ്ണം നടപ്പാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവത്തികൾ തൻവർഷം തന്നെ പൂർത്തിയാക്കണമെന്ന നിർദേശം പാലിച്ചിട്ടില്ല.

| | | | |
|---|---|---|---|
| ആകെ പദ്ധതികൾ | 295 | ആകെ അടങ്കൽ | 92418979 |
| നടപ്പിലാക്കിയത് | 234 | ആകെ ചെലവ് | 60670092 |

| | | | |
|---|---|---|---|
| ശതമാനം | 79 | ശതമാനം | 66 |

പഞ്ചായത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസിയർമാരും ഒരു ക്ലർക്കുമാണ് നിലവിൽ ജോലി ചെയ്യുന്നത്. പ്രവത്തികളുടെ ബാഹുല്യം പദ്ധതി നിർവഹണത്തിന് തടസ്സം വരുത്തുന്നുണ്ട്. കൂടാതെ പ്രവത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്താൻ കഴിയുന്നമില്ല. തൻവർഷത്തിൽ ആകെ 295 പ്രവൃത്തികളിൽ 234 പ്രവൃത്തികൾ മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. പദ്ധതി ചെലവ് 79% മാത്രമാണ്. മരാമത്ത് പ്രവൃത്തികൾ വീതം വയ്ക്കാതെ പഞ്ചായത്തിനെ ഒറ്റ യൂനിറ്റായി കണ്ട് മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.</u>

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തികൾ ചെയ്തതെന്ന് ഉറപ്പു വരുത്തുന്ന രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരം) സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നിർവ്വഹിക്കുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ എന്ന് ഉറപ്പുവരുത്തുകയും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

<u>ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും, നിയന്ത്രണത്തിലും മേൽ നോട്ടത്തിലും ഉള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ പദ്ധതി മാർഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സംരക്ഷണമാണ് ഇതുകൊണ്ട് ഉദേശിക്കുന്നത്. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

കാഷ്ബുക്കിൽ ദിവസേനയുള്ള ക്ലോസിംഗ്,മാസാന്ത്യ ക്ലോസിംഗ്, വർഷാന്ത്യ ക്ലോസിംഗ് എന്നിവ രേഖപ്പെടുത്തുന്നില്ല.

കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ ഹാജരാക്കിയില്ല.
എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.17 ലെ11350/15/CE തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച എല്ലാ രജിസിറ്ററുകളും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല</u>

ടെൻഡർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവത്തി വൈകിയാൽ ഏതു നിരക്കിൽ പിഴ ഈടാക്കുമെന്നും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച പുതിയ PWD മാന്വൽ പ്രകാരമുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുന്നില്ല. PWD മാന്വൽ നിർദേശങ്ങൾ പൂർണമായി പദ്ധതി നിർവഹണത്തിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>റോഡ് പ്രവൃത്തികളുടെ ചെയിനേജ് വ്യക്തമായി രേഖപ്പെടുത്തുന്നില്ല.</u>

തൻവർഷം ചെയ്ത റോഡ് പ്രവൃത്തികളുടെ ചെയിനേജ് എസ്റ്റിമേറ്റിലും എംബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

<u>പ്രവൃത്തി പൂർത്തീകരിച്ച് രേഖാമൂലം സൈറ്റ് തിരിച്ചേൽപ്പിക്കുന്നില്ല.</u>

പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ,ബാക്കി വന്ന സാമഗ്രികൾ,താൽക്കാലിക നിർമ്മിതികൾ, എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസി. എഞ്ചിനീയറെ തിരിച്ചേൽപ്പിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

<u>എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം ലഭ്യമാക്കിയില്ല</u>

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം വാഹന സൗകര്യം അവർക്കു നൽകിയിട്ടില്ല. മരാമത്ത് പണികളുടെ ആധിക്യമുള്ള സാഹചര്യത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.</u>

പദ്ധതി രൂപീകരണത്തിനായി ഓരോ വിഷയമേഖലയിലും രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷത്തെ

പ്രോജെക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക, പ്രോജെക്ടുകൾ തയ്യാറാക്കുക പ്രോജെക്റ്റ് നിർവ്വഹണത്തിനു ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക തുടങ്ങിയ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ 2020-21 ലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിന് ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതികൾ നിർദ്ദേശിക്കുന്നതിനപ്പുറം കാര്യമായ ചർച്ചകൾ നടന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

<u>സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതകാണ്.</u>

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുകയും അവയ്ക്ക് വേണ്ട മാർഗ നിർദേശങ്ങൾ നൽകുകയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഉത്തരവാദിത്തങ്ങളാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് ഗൗരവമായ ചർച്ചകളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയതായി കാണുന്നില്ല. അതാത് മേഖലകളുമായി ബന്ധപ്പെട്ട് യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദേശിക്കുന്നതിലും പരിഹാരമുണ്ടാക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വ്യക്തമായ മേൽനോട്ടം ആവശ്യമാണ്.

## <u>1-23 ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലില്ലാത്ത സ്കൂളിൽ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല</u>

പ്രോജെക്റ്റ് നമ്പർ-277/20-21

പ്രോജെക്ടിന്റെ പേര്-എസ് എച്ച് എംജിഎച്ച്എസ് എടവണ്ണയിൽ ടോയ് ലറ്റ് നിർമ്മാണം(So)

അടങ്കൽ-2,60,000 -കേന്ദ്രാവിഷ്കൃത ഫണ്ട്

കോൺട്രാക്ടർ-മുഹമ്മദ് അർഫാൻ

എഗ്രിമെന്റ്-100/AE/Edv/19-20 21-12-19

ചെലവ്-2,31,991 രൂപ

ചെക്ക് നമ്പർ-200127/30-3-21

മേൽ പ്രോജെക്റ്റ് പ്രകാരം എസ് എച്ച് എം ജിഎച്ച് എസ് എടവണ്ണയിൽ ടോയ് ലെറ്റ് നിർമ്മിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 12-2-21 ലെ 2(9) നമ്പർ തീരുമാന പ്രകാരം ഹൈസ്കൂൾ കോമ്പൗണ്ടിൽ നിന്നും ഹയർസെക്കൻഡറി കോമ്പൗണ്ടിലേക്ക് തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് നടപ്പിലാക്കിയത്.

1994 ലെ പഞ്ചായത്ത് രാജ് നിയമപ്രകാരം സർക്കാർ എൽ പി, യുപി സ്കൂളുകളാണ് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകൾ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് വരുന്നത്. മേൽ പ്രവത്തികൾ ഹയർസെക്കൻഡറി സ്കൂളിൽ നടപ്പാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 9/25-10-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പഞ്ചായത്ത് ഭരണ സമിതിയുടെ 12-2-21 ലെ 2(9) നമ്പർ തീരുമാനപ്രകാരം നടപ്പിലാക്കിയതാണെന്നും ഭാവിയിൽ ആവർത്തിക്കാതെ നോക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

## <u>1-24 പ്രവൃത്തി പൂർത്തീകരിച്ചില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ-256/20-21

പ്രോജക്ടിന്റെ പേര്-മെയിന്റനൻസ് ഓഫ് ആനക്കല്ല് -പാലക്കായി ഫുട്ട്പാത്ത്(So)

അടങ്കൽ- തനത്ഫണ്ട് 1,74,000

മെയിന്റനൻസ് ഫണ്ട് നോൺ റോഡ് <u>1,26,000</u>

ആകെ 3,00,000

കോൺട്രാക്ടർ-റിദാൻ ബാസിൽ

എഗ്രിമെന്റ്-24/AE/Edv/18-19 31-8-18

അളവ് പുസ്തകം-437AE/19-20

പാർട്ട്ബിൽ നൽകിയതിന്റെ വിവരം

ബിൽനമ്പർ - 48/20-21 തി. 16-5-20= 1,26,000 രൂപ-മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

ചെക്ക് നമ്പർ 1542074/11-6-20= 58,882 രൂപ - തനത് ഫണ്ട്

ആകെ ചെലവ്- 1,84,822 രൂപ

കിഴക്കെ ചാത്തല്ലൂരിൽ നിന്നും ആരംഭിച്ച് പാലക്കായി ഭാഗത്തേക്ക് 500 M നീളവും 3 M വീതിയും ഉള്ള റോഡ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 2018-19 വർഷത്തെ പ്രോജക്ടിൽ തുക വകയിരുത്തിയ മേൽ പ്രവർത്തിക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല. മേൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കണം എന്നാവശ്യപ്പെട്ട് നമ്പർ 8/25-10-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പാർട്ട് ബിൽ അനുവദിച്ചതിനു ശേഷം

കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ ഉണ്ടാകാത്തതിനെത്തുടർന്ന് പല തവണ അറിയിപ്പ് നൽകിയെന്നും കരാറുകാരൻ സ്ഥലത്തില്ലാത്തതാണ് പ്രവൃത്തി വൈകാൻ കാരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം ടിയാന്റെ റീടെൻഷൻ തുകയും സെക്യൂരിറ്റിയും കണ്ടുകെട്ടുകയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പ്രവൃത്തി വൈകി പൂർത്തിയാക്കുകയാണെങ്കിൽ കരാറുകാരന്റെ കൈയ്യിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

## 1-25 മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2020-21 വർഷത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി (15/21) മരുന്ന് ലഭ്യമാക്കുന്നതിനായി 800000/- രൂപ മാനേജിംഗ് ഡയറക്ടർ , ഔഷധിക്ക് മുൻകൂർ നൽകിയിരുന്നു (ചെ.നം. 118445/20.11.2020). എന്നാൽ മുഴുവൻതുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് | തുക |
|---|---|---|
| 1 | 90199746/22.02.21 | 238013/- |
| 2 | 90201404/28.02.21 | 233459/- |
| 3 | 90206299/31.03.21 | 96795/- |
| 4 | 90214048/28.06.21 | 92814/- |
| 5 | 90223899/13.09.21 | 117099/- |
| | ആകെ ലഭിച്ചത് | 778180/- |
| | ലഭിക്കാനുള്ളത് | 21820/- |

21820/- രൂപക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 14/*20-21*/ 26.10.2021 ന് മറുപടി ലഭ്യമാക്കിയില്ല. )

## 1-26 പത്തപ്പിരിയം ആരോഗ്യ കേന്ദ്രത്തിൽ ടോയ് ലെറ്റ് -പ്രയോജനം ചെയ്യുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജെക്ട് നമ്പർ 72/20-21 പ്രകാരം പത്തപ്പിരിയം ആരോഗ്യ കേന്ദ്രത്തിന് ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,75,718 രൂപ ചെലവഴിച്ചാണ്(ബിൽ നമ്പർ 159/20-21 തി. 25-3-21) ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മിച്ചിട്ടുള്ളത്.

26-10-2021 ന് ആരോഗ്യ കേന്ദ്രത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 ടോയ് ലെറ്റ് ബ്ലോക്കിനോടനുബന്ധിച്ച് നിർമ്മിച്ച ലീച്ച് പിറ്റ് പോയിന്റ് ചെയ്തിട്ടില്ല.

2 വാതിലിൽ ഫിറ്റ് ചെയ്ത ഉപകരണങ്ങൾ പലതും തുരുമ്പെടുത്തിട്ടുണ്ട്.

3 ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മിച്ചുവെങ്കിലും മോട്ടാർ , ടാങ്ക് എന്നിവ ഇല്ലാത്തതിനാൽ ടോയ് ലെറ്റ് ഉപയോഗിക്കുന്നില്ല.

അപാകതകൾ പരിഹരിക്കുകയും ടോയ് ലെറ്റ് ബ്ലോക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-27 ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1 അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2 ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3 ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4 ദുരന്തനിവാരണ പദ്ധതി രൂപീകരണം , അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

മേൽ പറഞ്ഞ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ഇതു സംബന്ധിച്ച് നമ്പർ 3/23-10-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ദുരന്തനിവാരണ പദ്ധതി സംബന്ധിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം.

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ . ഉ(എംഎസ്) നം 252/2017/തസ്വഭവ തി. 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2018-19 വർഷത്തിലാണ് അഗതിരഹിത കേരളം പദ്ധതി എടവണ്ണ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത്. ആയതിന് താഴെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 3243500 |
| പ്ലാൻ ഫണ്ട് | 6870000 |

2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിൽ അഗതിരഹിത കേരളം പദ്ധതിക്ക് താഴെ പറയും പ്രകാരം തുക ലഭ്യമായിട്ടുണ്ട്.

| ഫണ്ട് | ലഭ്യമായ തുക | വർഷം |
|---|---|---|
| ചലഞ്ച്ഫണ്ട് വിഹിതം | 1072641 | 2019-20 |
| | 1081167 | 2020-21 |
| പ്ലാൻ ഫണ്ട് | 200000 | 2019-20 |
| | 200000 | 2020-21 |

കാനറാ ബാങ്ക് എടവണ്ണ ശാഖയിലാണ് (അക്കൗണ്ട് നമ്പർ 19661010211186) പണം നിക്ഷേപിച്ചിട്ടുള്ളത്. മേൽ അക്കൗണ്ടിൽ 31-3-2021 ന് ആകെ 980617രൂപ ബാലൻസ് ഉണ്ട്.

2019 -20 വർഷത്തിൽ പദ്ധതി ആരംഭിക്കുമ്പോൾ ആകെ 227 ഗുണഭോക്താക്കളാണ് അഗതിരഹിത കേരളം പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. നിലവിൽ 219 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. ഭക്ഷണകിറ്റ് വിതരണത്തിനായി 2019-20 വർഷത്തിൽ ചലഞ്ച് ഫണ്ടിൽനിന്നും 797955 രൂപയും 20-21 ൽ 1312300 രൂപയും ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ 1 വീടും 20-21 വർഷത്തിൽ 8 വീടുകളും പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് റിപ്പയർ ചെയ്തു നൽകിയിട്ടുണ്ട്.

<u>അപാകതകൾ</u>

1 പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയതിക്ക മുമ്പായി വിലയിരുത്തൽ സമിതി യോഗം ചേർന്ന് പദ്ധതി പുരോഗതി അവലോകനം ചെയ്ത് മിനുട്ട്സിന്റെ പകർപ്പ് ജില്ലാ കോ - ഓർഡിനേറ്റർക്ക് അയച്ച കൊടുക്കേണ്ടതുണ്ട്. മിനുട്ട്സ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ 2 തവണ മാത്രമാണ് വിലയിരുത്തൽ സമിതി യോഗം ചേർന്നതായി കാണുന്നത്. ഉപസമിതിയുടെ യോഗവിവരം ലഭ്യമായിട്ടില്ല

2 പദ്ധതിയുടെ മാർഗരേഖ പ്രകാരം ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷണകിറ്റ് വിതരണവും വീട് റിപ്പയറിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും നാമമാത്രമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യം,വസ്ത്രം,പെൻഷൻ തുടങ്ങിയ അതിജീവന ആവശ്യങ്ങളും മാനസിക ആവശ്യങ്ങളും,വികസന ആവശ്യങ്ങളും പരിഗണിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കുമ്പോൾ നൽകിയ സേവനം അപര്യപ്തമാണ്. സ്പോൺസർഷിപ്പും ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല.ഗുണഭോക്താക്കളുടെ എല്ലാ ആവശ്യങ്ങൾക്കും തുക വകയിരുത്തിയിരുന്നതാണ്. പദ്ധതിക്കാലയളവിൽ ഗുണഭോക്താക്കൾക്ക് എല്ലാ സേവനങ്ങളും ലഭ്യമാകുന്നുണ്ടെന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

3 അയൽക്കൂട്ടങ്ങൾ അഗതി കുടുംബ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4 പുതുതായി അംഗങ്ങളെ ചേർക്കുവാനുള്ള പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല.

5 അഗതിരഹിത കേരളവുമായി ബന്ധപ്പെട്ട രേഖകൾ മാസത്തിലൊരിക്കൽ ജില്ലാ മിഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

പദ്ധതി അവസാനിക്കുവാൻ മാസങ്ങൾ മാത്രമായ സാഹചര്യമാണുള്ളത്. അപാകതകൾ പരിഹരിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-29 സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.</u>

2020-21 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന സ്പിൽ ഓവർ പ്രോജെക്ടുകളിൽ വാട്ടർ ടാങ്കുകൾ ഗുണഭോക്താക്കൾക്കു വിതരണം ചെയതതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ/ പേര് | തുക | ബിൽ നമ്പർ/തിയതി |
|---|---|---|---|
| 1 | 197/20-21<br>എസ് സി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് (SO)<br>വികസന ഫണ്ട് എസ് സി പി അടങ്കൽ 19-20- 360000 11950 ഗുണഭോക്തൃ വിഹതം അടങ്കൽ 20-21- 334914 460 ഗുണഭോക്തൃ വിഹതം | 25,086<br>1,66,800 | 19/19-20<br>തി. 30-3-20<br>5/20-21<br>തി. 20-4-20 |
| | | 1,66,374 | 6/20-21<br>തി. 20-4-20 |
| | | 1,19,540<br>ഗുണഭോക്താക്ത്യ വിഹിതം | ഗുണഭോക്തൃ വിഹിതം 11465500012036 നമ്പർ അക്കൗണ്ടിലേക്ക് കൈമാറി |
| 2 | 404/20-21 | 2,25,000 | 14/20-21 |

| | | | |
|---|---|---|---|
| | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (SO) വികസന ഫണ്ട് എസ് സി പി അടങ്കൽ 19-20- 225000 75000 ഗുണഭോക്തൃ വിഹതം അടങ്കൽ 20-21- 225000 75000 ഗുണഭോക്തൃ വിഹതം | | തി. 27-11-20 |
| | | 68,500 ഗുണഭോക്തൃ വിഹിതം | ഗുണഭോക്തൃ വിഹിതം 68,500രൂപ 0437083000000006നമ്പർ അക്കൗണ്ടിലേക്ക് കൈമാറി |

മേൽ പ്രോജെക്ടുകളുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ക്രമനമ്പർ 1 പ്രകാരം സൗത്ത് ഇൻ പോളിമേഴ്സ് പാലക്കാടിന് 4,77,800 രൂപ കൈമാറിയിട്ടുണ്ട്. ക്രമനമ്പർ 2 പ്രകാരം വിക്ടോറിയ പോളി ഫോം തൃശ്ശൂരിന് 2,93,500രൂപ കൈമാറിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളെ ടെണ്ടർ നടപടികളിലൂടെയാണ് തെരഞ്ഞെടുത്തത്. മേൽ തുകയ്ക്ക് എത്ര ടാങ്കുകൾ വാങ്ങിയെന്നതിന്റെ കൃത്യമായ വിവരം ലഭ്യമാക്കിയില്ല.

2 മേൽ വാട്ടർ ടാങ്കുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 5/ 25-10-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.മേൽ സാഹചര്യത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച ക്രമനമ്പർ 1 പ്രകാരമുള്ള 3,58,260 രൂപയും ക്രമനമ്പർ 2 പ്രകാരമുള്ള 2,25,000 രൂപയും ഉൾപ്പടെ 5,83,260 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## <u>1-30 കേരഗ്രാമം - ജൈവവളത്തിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകത.</u>

| | |
|---|---|
| പ്രൊജക്ട് നമ്പർ | 9/*20 & 196/*21 (സ്പിൽ ഓവർ) |
| വിനിയോഗിച്ച തുക | 8,43,375/- രൂപ (തനത് ഫണ്ട്) |
| ബിൽ നമ്പർ / തിയ്യതി | 18/2019-20 തിയ്യതി. 20.03.2020 – 41,050/- രൂപ. |
| | 03/2020-21 തിയ്യതി. 20.04.2020 – 1,60,200/- രൂപ. |
| | 04/2020-21 തിയ്യതി. 11.04.2020 – 1,78,325/- രൂപ. |
| | 05/2020-21 തിയ്യതി. 20.04.2020 – 1,68,275/- രൂപ. |
| | 06/2020-21 തിയ്യതി. 20.04.2020 – 1,07,000/- രൂപ. |
| | 07/2020-21 തിയ്യതി. 20.04.2020 – 1,14,600/- രൂപ. |
| | 08/2020-21 തിയ്യതി. 20.04.2020 – 73,925/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

2019-20 സാമ്പത്തിക വർഷത്തിൽ 41,050/- രൂപ ഈ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പിന്നീട് സമർപ്പിച്ച ബില്ലുകൾ ക്യൂ ബില്ലുകളാകുകയും അവ 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി (പ്രൊജക്ട് നമ്പർ.196/21) നടപ്പിലാക്കുകയും രണ്ട് പദ്ധതികളിലുമായി 904 കേര കർഷകർക്ക് ജൈവവളത്തിന് സബ്സിഡി അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഒരു തെങ്ങിന് 25/- രൂപ നിരക്കിലാണ് (ജൈവവളത്തിന്റെ വിലയുടെ 75 ശതമാനത്തിൽ അധികരിക്കാതെ) സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ അപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ശിപാർശ ചെയ്തിട്ടുള്ള തെങ്ങുകളുടെ എണ്ണം/തുകയേക്കാൾ അധികരിച്ചാണ് സബ്സിഡി

അനുവദിച്ചിട്ടുള്ളത്. 904 അപേക്ഷകളിൽ 147 അപേക്ഷകൾ പരിശോധിച്ചതിൽ 49 എണ്ണത്തിൽ ഇപ്രകാരമുള്ള അപാകത സംഭവിച്ചിട്ടുണ്ട്. 20 ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ പ്രകാരം തെങ്ങുകളുടെ എണ്ണം | അന്വേഷണ ഉദ്യാഗസ്ഥൻ ശിപാർശ ചെയ്തത്. | | സബ്സിഡി അനുവദിച്ചത്. | | അധികമായി അനുവദിച്ച സബ്സിഡി |
|---|---|---|---|---|---|---|---|
| | | | എണ്ണം. | തുക | എണ്ണം | തുക | |
| 1 | തങ്കൻ.പി.എസ് | 45 | 40 | 1000 | 42 | 1050 | 50 |
| 2 | അജിതകുമാരി | 20 (20 എന്നുള്ളത് തിരുത്തി 22 ആക്കിയിട്ടുണ്ട്) | 20 | 500 | 22 | 550 | 50 |
| 3 | സുരേന്ദ്രൻ.എ.കെ, ആനപ്പാറ | 34 (34 എന്നുള്ളത് തിരുത്തി 39 ആക്കിയിട്ടുണ്ട്) | 34 | 850 | 39 | 975 | 125 |
| 4 | കുഞ്ഞഹമ്മദ്കുട്ടി, കാഞ്ഞിരാല | 86 | 80 | 2000 | 86 | 2150 | 150 |
| 5 | ഗംഗാദേവി, ചേലാട്ട് | 62 (മറ്റാരോ തിരുത്തി 75 ആക്കി) | 62 | 1550 | 75 | 1875 | 325 |
| 6 | അംബികാസുമതി.വി, വെള്ളേരി | 88 | 76 | 1900 | 80 | 2000 | 100 |
| 7 | ലാലു.കെ.എ, കൊട്ടൂർ | 76 | 70 | 1750 | 76 | 1900 | 150 |
| 8 | അബ്ദുൾ ലത്തീഫ്, പുലിക്കുന്നൻ | 45 | 40 | 1000 | 42 | 1050 | 50 |
| 9 | സമീർബാബു, എളയേടത്ത് | 130 | 79 | 1975 | 83 | 2075 | 100 |
| 10 | ഷാഹിദ എളയേടത്ത് | 49 | 39 | 975 | 41 | 1025 | 50 |
| 11 | സക്കീന എളയേടത്ത് | 74 | 59 | 1475 | 62 | 1550 | 75 |
| 12 | അബ്ദുറഹിമാൻ.കെ.ടി, കോലോത്തുംതൊടിക | 23 (25 ആക്കി തിരുത്തിയിട്ടുണ്ട്) | 22 | 550 | 25 | 625 | 75 |
| 13 | സുമതി തോമസ് | 68 | 63 | 1575 | 68 | 1700 | 125 |
| 14 | മാധവൻ.കെ.പി | 13 | 10 | 250 | 13 | 325 | 75 |
| 15 | അബ്ദുൾ മജീദ്, തെക്കുംപുറത്ത് | 80 | 60 | 1500 | 80 | 2000 | 500 |
| 16 | മുഹമ്മദ് ഹാജി.പി.എം | 275 | 223 | 5575 | 233 | 5825 | 250 |
| 17 | അബ്ദുൾ മജീദ്.ടി, തയ്യിൽ | 60 | 55 | 1375 | 60 | 1500 | 125 |
| 18 | നഫീസ അരഞ്ഞിക്കൽ | 90 | 76 | 1900 | 80 | 2000 | 100 |
| 19 | ഉമ്മർ.പി.വി, പുത്തൻവീട്ടിൽ | 140 | 120 | 3000 | 135 | 3375 | 375 |
| 20 | മൊയ്തീൻകുട്ടി, | 47 | 33 | 825 | 47 | 1175 | 350 |

| | അരഞ്ഞിക്കൽ | | | | | | |
|---|---|---|---|---|---|---|---|

അന്വേഷണോദ്യോഗസ്ഥൻ ശിപാർശ ചെയ്യതിലധികം സബ്സിഡി അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 29(2020-21)/29.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷകൾ പൂർണ്ണമായി പരിശോധിച്ച് അനർഹമായി നൽകിയ സബ്സിഡി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-31 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ - മരുന്നുകൾ ലഭ്യമായില്ല.

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1). പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (140/21).

പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.19/2020-21 തീയതി.24.03.2020 പ്രകാരം 1,18,495/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 5869/09.09.2021 | 11,271/- |
| 2 | 4928/09.08.2021 | 28,768/- |
| 3 | 2749/24.06.2021 | 17,611/- |
| | **ആകെ** | **57,650/-** |

60,845/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2). പരിരക്ഷ (18/21).

പരിരക്ഷ പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ.12/2020-21 തീയതി.17.11.2020 പ്രകാരം 2,00,000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 29489/14.01.2021 | 9917/- |
| 2 | 2303/13.06.2021 | 41,916/- |
| 3 | 2304/13.06.2021 | 47,749/- |
| 4 | 2305/13.06.2021 | 48,928/- |
| 5 | 4189/29.07.2021 | 41,371/- |
| 6 | **ആകെ** | **1,89,881/-** |

10,119/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 22(2020-21)/28.10.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-32 കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 438/21 |
| വിനിയോഗിച്ച തുക | 40,134/- രൂപ (തനത് ഫണ്ട്) |
| ചെക്ക് നമ്പർ / തിയ്യതി | 2186250 തിയ്യതി. 26.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഇൻവർട്ടർ എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി താഴെ പറയുന്ന പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 40,134/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| Sl.No. | Proforma Invoice No./Date | Item | Amount Paid |
|---|---|---|---|
| 1 | TVM/ITBG/PI/RC/23509/20-21 Dt: 05.03.2021 | Desktop-Intel Processor | 40,134/- |

എന്നാൽ ഓഡിറ്റ് തിയ്യതി വരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 18(2020-21)/27.10.2021) കെൽട്രോണുമായി നേരിട്ട് ബന്ധപ്പെട്ട് കമ്പ്യൂട്ടർ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമാവുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-33 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ആകെ ഗുണഭോക്താക്കൾ | ഭവന നിർമ്മാണം പൂർത്തീകരിച്ചത് | ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളത് |
|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി -ജനറൽ 10/21 | 11 | 2 | 9 |
| 2 | ലൈഫ് ഭവന പദ്ധതി - എസ്.സി 12/21 | 20 | 5 | 15 |
| 3 | ലൈഫ് ഭവന എസ്.സി - ഘട്ടം 3 - 422/21 | 5 | 4 | 1 |
| 4 | ലൈഫ് ഭവന പദ്ധതി -ജനറൽ 175/19 (2018-19 പദ്ധതിയാണ്.) | | | 1 |

ഇതിൽ ക്രമ നം 1,3 എന്നിവ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാനുള്ള വീടുകളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. എന്നാൽ ക്രമ നം 2 പ്രകാരം നിർമ്മാണം പൂർത്തീകരിക്കാനുള്ളതിൽ 14 പേരുടെ വീടുകളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നുണ്ടെങ്കിലും ശ്രീമതി.ഷീജ മുരളീധരൻ, ചാൽതൊടിക ഹൗസ് എന്നവർ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെയും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. തുക അനുവദിച്ച വിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ച ബി.നം./ തിയ്യതി | അനുവദിച്ച തുക |
|---|---|
| 49/20-21 തി. 13.01.2021 | 40,000/- |
| 70/20-21 തി. 26.02.2021 | 40,000/- |

2018-19 വർഷം നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി -ജനറൽ 175/19 പദ്ധതി പ്രകാരം ശ്രീ.സുബ്രഹ്മണ്യൻ , പറയുംവളപ്പിൽ ഹൗസ് എന്ന ഗുണഭോക്താവിന് താഴെ പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| അനുവദിച്ച തുക | അനുവദിച്ച തിയ്യതി |
|---|---|
| 40,000/- | ബി.നം. 4/18-19 / 22.06.2018 |
| | |

| | |
|---|---|
| 1,60,000 | ബി.നം. 75/18-19 / 29.03.2019 |

29.03.2019ന് രണ്ടാം ഗഡു കൈപ്പറ്റിയ ഈ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ശ്രീമതി.ഷീജ മുരളീധരൻ, ശ്രീ.സുബ്രഹ്മണ്യൻ , പറയുംവളപ്പിൽ ഹൗസ് എന്നീ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (17/20-21/ 26.10.2021) മറുപടിയിൽ ശ്രീമതി.ഷീജ മുരളീധരൻ എന്നവർ ചികിത്സാ സംബന്ധമായ സാഹചര്യങ്ങളാലാണ് വീട്ടുപണി ഇത്രയും നാൾ ആരംഭിക്കാതിരുന്നതെന്നും എത്രയും പെട്ടെന്ന് വീടുപണി ആരംഭിക്കുമെന്നും ഉറപ്പു നൽകിയിട്ടുണ്ടെന്നും കൂടാതെ ശ്രീ.സുബ്രഹ്മണ്യൻ , പറയുംവളപ്പിൽ ഹൗസ് എന്ന ഗുണഭോക്താവ് മരണപ്പെടുകയും അനന്തരാവകാശികളില്ലാത്തതിനാലുമാണ് ലിന്റൽ ഘട്ടത്തിലെത്തിയ ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും അറിയിച്ചു. ടിയാൻ വീട് നിർമ്മിക്കുന്ന സ്ഥലവും പഞ്ചായത്ത് നൽകിയതാണെന്നും അറിയിച്ചു. ആയതിനാൽ മേൽ കാര്യങ്ങൾ ഭരണ സമിതിയുടെ പ്രത്യേക പരിഗണന ആവശ്യമാണ്. ഭവന നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള ഉചിത തീരുമാനമെടുക്കേണ്ടതുമാണ്.

## 1-34 സ്റ്റോറേജ് ബിന്നുകൾ വിതരണം നടത്തിയില്ല.

പ്രോജക്റ്റ് നം. 397/21 കളക്ടേഴ്സ് @ സ്കൂൾ

വിനിയോഗിച്ച തുക – 5,05,600 രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്)

വൗച്ചർ നം. 22001748/27.03.2021- 5,05,600

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ്,പാലപ്പറ്റ

പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കോണോമിക് ഫൗണ്ടേഷൻ, മലപ്പുറം മുഖേന 0.45x 0.45x0.80 (ചെറുത്) മീറ്റർ സ്റ്റോറേജ് സൈസ് ബിൻ 5500 രൂപ നിരക്കിൽ 88 എണ്ണവും, 0.60x0.60x1.20 (വലുത്) മീറ്റർ സ്റ്റോറേജ് സൈസ് ബിൻ 7100 രൂപ നിരക്കിൽ 8 എണ്ണവും വാങ്ങിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നാളിതുവരെ വിതരണം നടത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 26.10.2021 ന് നടത്തിയ സ്ഥലപരിശോധനയിൽ, ഇ ഒ എൽ പി സ്കൂൾ, എടവണ്ണയുടെ കോമ്പൗണ്ടിനുള്ളിൽ കാടുപിടിച്ച നിലയിൽ ബിന്നുകൾ സൂക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു. അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം. 23/28.10.21) ഇതിന്റെ വിതരണചടങ്ങ് പൊതുപരിപാടിയായി നടത്താൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതാനാലാണ് അപ്രകാരം സംഭവിച്ചിട്ടുള്ളത് എന്നും, ഉടൻ വിതരണം നടത്തുമെന്നും അറിയിച്ചു. ആയത് വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-35 എസ് സി പെൺകുട്ടികൾക്ക് ലാപ് ടോപ് വിതരണം -രേഖകളിലെ അപാകതകൾ

പ്രോജക്റ്റ് നം.405/2021

എസ് സി പെൺകുട്ടികൾക്ക് ലാപ് ടോപ്

വിനിയോഗിച്ച തുക – 7,38,504 രൂപ (പ്ലാൻ - ടി എസ് പി )

ബിൽ നം. 1/20-21/05.03.2021

നിർവ്വഹണം - ഹെഡ് മാസ്റ്റർ ജി എൽ പി എസ് ,പാലപ്പറ്റ

പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട 26 പെൺകുട്ടികൾക്ക് KELTRON തിരുവനന്തപുരം മുഖേന ലാപ് ടോപ് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് )നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018 7.2.8 പ്രകാരം സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ആനുകൂല്യത്തിനുള്ള അപേക്ഷയിൽ സാക്ഷ്യപത്രം എന്ന കോളത്തിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിൽ അഡ്മിഷൻ നമ്പർ,പഠിക്കുന്ന

വർഷം, തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല. കോഴ്സ് സംബന്ധിച്ച് മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ (പഠിതാവിന്റെ പേര്, അഡ്മിഷൻ നമ്പർ, പഠിക്കുന്ന വർഷം, കോഴ്സിന്റെ പേര് , തുടങ്ങിയവ) സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടത്.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|
| 1 | ശ്രീഷ്മ പി കെ,പൂവ്വത്തികുന്നമ്മൽ,വെസ്റ്റ് ചാത്തല്ലൂർ (പി ഒ) |
| 2 | ബിൻസി പി, പാലേപ്ര,വെസ്റ്റ് ചത്തലൂർ (പി ഒ) |
| 3 | സ്നേഹ എ പി,അടങ്ങാംപുറം വീട്,കുണ്ട്തോട്,എരഞ്ഞിക്കോട് (പി ഒ) |
| 4 | അഞ്ജന എ പി, അടങ്ങാംപുറം വീട്, ചളിപ്പാടം,എരഞ്ഞിക്കേട്( പി ഒ) |
| 5 | മൈഥിലി വി,വെള്ളാമ്പുറം,ചളിപ്പാടം,എരഞ്ഞിക്കേട്( പി ഒ) |
| 6 | ആർദ്ര എം, മഞ്ചേരി വീട്,ചളിപ്പാടം,എരഞ്ഞിക്കേട്( പി ഒ) |
| 7 | ഗായത്രികൃഷ്ണ.യു.വി, ഉള്ളാട്ടുതൊടി, വേലരിക്കൽ, കാരാട്ടുകുളങ്ങര, പത്തപ്പിരിയം (പി ഒ) |
| 8 | അർച്ചന വി ടി, വലിയതൊടി വീട്,പത്തപ്പിരിയം( പി ഒ) |
| 9 | ദൃശ്യ കെ പി, കുറുവപാറപൊയിൽ,പന്നിപ്പാറ,എടവണ്ണ (പി ഒ) |
| 10 | വിസ്മയമോഹൻ എം,കോലയിൽ,കല്ലിടുമ്പ്,എടവണ്ണ (പി ഒ) |
| 11 | സുജിഷ ടി,തൊണ്ണേക്കാട്ടിരി,കല്ലിടുമ്പ്,എടവണ്ണ (പി ഒ) |
| 12 | ആര്യമോൾ കെ പി, കൊടിഞ്ഞാറുപൊയിൽ,പെരകമണ്ണ(പി ഒ),ഒതായി |
| 13 | കൃഷ്ണപ്രിയ എം കെ, മണിയൻകോട്ടലിങ്ങൽ,പടിഞ്ഞാറെതല,പെരകമണ്ണ |

2)പാരലൽ കോളേജിൽ പഠിച്ചു കൊണ്ടിരുന്നതിനാൽ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെയും പഠനം തുടരുന്നതും സംബന്ധിച്ച ഉള്ള രേഖകൾ ഫയലിൽ ലഭ്യമാക്കേണ്ടതായിരുന്നു.(സബ് സിഡിമാർഗ്ഗരേഖ ജി ഒ (എം എസ്) നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018, 7.2.9). എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ആയത് പാലിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|
| 1 | സുജിഷ കെ ടി,കുണ്ടാംതൊടിക,ചത്തലൂർ( പി ഒ) |
| 2 | ഐശ്വര്യ എം, മൊരടൻ, ഈസ്റ്റ് ചാത്തല്ലൂർ (പി ഒ) |
| 3 | വിധു എ,അമ്പലക്കൽ,കൊളപ്പാട്,എരഞ്ഞിക്കോട് (പി ഒ) |
| 4 | അർച്ചന ബാബു വി,വെള്ളാപ്പുറം,പത്തപ്പിരിയം( പി ഒ) |
| 5 | ശ്രീഷ്മ പി,പെറ്റേക്കാട്,പത്തപ്പിരിയം( പി ഒ) |
| 6 | ശ്രീഷ്മ എം,മൊരടൻ,ആര്യൻതൊടിക,പത്തപ്പിരിയം( പി ഒ) |
| 7 | മിഥ്യസുന്ദരൻ എം കെ,മഞ്ചേരിതൊടിക,പാലപ്പറ്റ,പന്നിപ്പാറ (പി ഒ) |
| 8 | നിമഗോപി,നെടുങ്ങാടൻ,പൊതുവൻകുന്ന്,കല്ലിടുമ്പ്,എടവണ്ണ( പി ഒ) |
| 9 | ശ്രീതു പി, പാമ്പാടി,പൊതുമ്മൽ,എടവണ്ണ (പി ഒ) |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 16/26.10.21)ക്കുള്ള മറുപടിയിൽ രേഖകൾ ലഭ്യമാക്കുവാൻ സമയം നൽകണമെന്ന് അഭ്യർത്ഥിച്ചു. ആയവ ലഭ്യമാക്കേണ്ടതാണ്.

## 1-36 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 230/21

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

വിനിയോഗിച്ച തുക - 1,51,000 രൂപ (13-ാം ധനകാര്യകമ്മീഷൻ അവാർഡ്)

ബിൽ നം. 04/20-21/14.05.2020

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 1,51,000 രൂപ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ, എടവണ്ണക്ക് നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കായാണ് പ്രവൃത്തിയുടെ നിർവ്വഹണം. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2) കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ, എടവണ്ണക്ക് തുക നൽകിയതിന്റെ രസീതി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3)സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെയും, പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 23/28.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവുതുക 1,51,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-37 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി – അപാകതകൾ

പ്രോജക്റ്റ് നം. 226/2021

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 7,94,000 രൂപ (13-ാം ധനകാര്യകമ്മീഷൻ അവാർഡ് )

ബിൽ നം. 1/20-21/14.05.2020 – 2,69,620 രൂപ

ബിൽ നം. 2/20-21/14.05.2020 – 2,69,620 രൂപ

ബിൽ നം. 3/20-21/14.05.2020 – 2,54,760 രൂപ

നിർവ്വഹണം - സെക്രട്ടറി

കെൽട്രോൺ,കോഴിക്കോട് മുഖേന 374 എണ്ണം 18W230 AC LED Dome Light (Normal) ലൈറ്റുകൾ യൂനിറ്റിന് 2123 രൂപ നിരക്കിൽ (അക്സസറീസ് , സ്ഥാപിക്കൽ ചാർജ് എന്നിവ ഉൾപ്പെടെ) സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല.അപ്രകാരം ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിയ്ക്കുന്നില്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). കൂടാതെ, ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2) തെരുവുവിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് ഒരു വിവരവും ഫയലിൽ ഇല്ല. കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.കെ എസ് ഇ ബിയിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്. സ്ഥാപനം സമർപ്പിച്ച പൂർത്തീകരണ വിവരത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്

3) 22.09.2015ലെ സ.ഉ(സാധാ)നം. 2878/15/തസ്വഭവ പ്രാകാരം ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവക്ക് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സേവനം ഉപയോഗിക്കാൻ നിർദ്ദേശമുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.സപ്ലൈ ചെയ്ത ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ച് യോഗ്യരായ ഉദ്യോഗസ്ഥർ മുഖേന പരിശോധന നടത്തിയിട്ടില്ല.തെരഞ്ഞെടുത്ത സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.

4)സ്ഥാപനവുമായി 26.02.2020 ന് ഒപ്പുവെച്ച ഉടമ്പടി പ്രകാരം 12 മാസത്തെ വാറണ്ടി സ്ഥാപനം നൽകുന്നുണ്ട്. വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല. പദ്ധതി മോണിറ്റിംഗ് നടത്തിയിട്ടുമില്ല.

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം. 25/28.10.21) മറുപടിയിൽ അപാകതകൾ പരിഹരിച്ച് വിവരമറിയിക്കുന്നതാണെന്നറിയിച്ചു. ആയത് ലഭ്യമാകുന്നത് വരെ പദ്ധതിയ്ക്കായി ചെലവഴിച്ച 7,94,000

രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-38 പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല.

2019-20 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ പരസ്യങ്ങൾ ദിനപത്രങ്ങൾ മുഖേന നൽകിയതിന് തനത്ഫണ്ടിൽ നിന്നും സെക്രട്ടറി മുഖേന തുക നൽകിയിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം./തീയ്യതി | നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|
| 1 | 22000319/09.07.20 | 10,710 | പരസ്യ ചാർജിനത്തിൽ മാതൃഭൂമി ദിനപത്രത്തിന് നൽകിയ തുക<br>ആർ. ഒ. നം.21165476/19.03.20 |
| 2 | 22000445/21.08.20 | 9104 | മാതൃഭൂമി ദിനപത്രത്തിൽ പരസ്യം നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക<br>ആർ. ഒ. നം.A2-875/2020/16.05.2020 |
| 3 | 22000608/24.09.20 | 10,710 | പരസ്യ ചാർജിനത്തിൽ മാതൃഭൂമി ദിനപത്രത്തിന് നൽകിയ തുക<br>ആർ. ഒ. നം.21182347/22.07.20 |
| 4 | 22000607/24.09.20 | 6,426 | എം ജി എൻ ആർ ഇ ജി എസ് ടെണ്ടർ പരസ്യം മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക<br>ആർ. ഒ. നം.A2-875/08/01.07.2020 |
| 5 | 22001596/11.03.21 | 8,568 | മരാമത്ത് പ്രവൃത്തികളുടെ പരസ്യം മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക<br>ആർ. ഒ. നം.A3-26/2020/14.10.2020 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി തീ.4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനങ്ങൾ സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു നൽകുകയാണുണ്ടായത്.അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഡിസ്കൗണ്ട് ഈടാക്കുന്നതിന് ബന്ധപ്പെട്ട പത്രസ്ഥാപനത്തിന് കത്തു നൽകിയിട്ടുണ്ടെന്നറിയിച്ചു. ആയത് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-39 തെരുവു വിളക്ക് റിപ്പയർ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2020-21വർഷത്തിൽ വൗച്ചർ നം. 22000360/27.07.2020 പ്രകാരം തനത്ഫണ്ടിൽ നിന്നും 9,600 രൂപ തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തിക്കായി സെക്രട്ടറി വിനിയോഗിച്ചിട്ടുണ്ട്. ശ്രീ.എസ് സി അബ്ദുൾഗഫൂർ നെല്ലിക്കോട്ടുചാലിൽ,പത്തപ്പിരിയം എന്ന വ്യക്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. 16 വിളക്കുകൾ റിപ്പയർ ചെയ്തതിന് 600 രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. പ്രവൃത്തി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഏതിനം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തുവെന്ന് വ്യക്തമല്ല. വാർഡ് മെമ്പർമാർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ആയത് പ്രകാരം 6,8,9,10,11,13.15,21 വാർഡുകളിലായി 180 എണ്ണം റിപ്പയർ ചെയ്തതിട്ടുണ്ട്.

2)കെ എസ് ഇ ബി ഇലക്ട്രിക്കൽ ലൈസൻസ് ഉള്ള ആളാണോ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്ന് വ്യക്തമല്ല. കെ എസ് ഇ ബിയുടെ സൂപ്പർ വിഷനിലാണോ പ്രവൃത്തി നടത്തിയത് എന്നും വ്യക്തമല്ല. കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷമേ പ്രവൃത്തി നടത്താവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം

നിഷ്കകർഷിച്ചിട്ടുള്ളതാണ്. കെ എസ് ഇ ബിയിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/ വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ടീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ). ആയതും പാലിച്ചിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 31/29.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 9,600 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## <u>1-40 സാക്ഷരതാ പ്രേരകിന് ഹോണറേറിയം- തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല</u>

2020-21 വർഷത്തിൽ വൗച്ചർ നം. 22001741/26.03.21 പ്രകാരം 17,200 രൂപ ശ്രീമതി. മൈമൂന ഇ, സാക്ഷരതാ പ്രേരക്ന് 2020 ഡിസംബർ, 2021 ജനവരി മാസങ്ങളിലെ ഹോണറേറിയം ഇനത്തിൽ തനത്ഫണ്ടിൽ നിന്നും അനുവദിച്ച നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 32/29.10.21)

## <u>1-41 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നില്ല.</u>

30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ കുടിവെള്ള പദ്ധതികൾ,പണി പൂർത്തിയാക്കി,പ്രവർത്തനക്ഷമമാണെന്നുറപ്പ വരുത്തി, ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കണമെന്നും,തുടർന്നുള്ള നടത്തിപ്പും, സംരക്ഷണവും, പമ്പ് ഓപ്പറേറ്ററുടെ വേതനം, വൈദ്യുതിചാർജ്ജ് തുടങ്ങിയ ചെലവുകളും, സമിതി വഹിക്കണമെന്നും, വ്യക്തമാക്കിയിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി ഗുണഭോക്താക്തൃ സമിതിക്ക് കൈമാറണമെന്ന് ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരം ആവശ്യപ്പെട്ടിട്ടും നാളിത് വരെ ആയത് ഗുണഭോക്താക്തൃ സമിതിക്ക് കൈമാറിയതായി കാണുന്നില്ല. 2020-21 വർഷത്തിൽ എടവണ്ണ കുടിവെള്ളപദ്ധതിക്കായി താഴെ പറയും പ്രകാരം വിവിധ വൗച്ചറുകളിലായി ചെലവു നടത്തിയിട്ടുണ്ട്.

| **ഇനം** | **ചെലവഴിച്ച തുക** | **ആകെ വരവ് (വാർഷിക കണക്ക് പ്രകാരം)** |
|---|---|---|
| വൈദ്യുതിചാർജ് | 5,35,960 | **5,33,286** |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 2,29,515 | |
| മീറ്റർ റീഡറുടെ വേതനം | 1,12,200 | |
| റിപ്പയർ ചാർജ് | 37,949 | |
| **ആകെ** | **9,15,624** | |

മേൽ ഉത്തരവ് പ്രകാരം, സ്കീമുകളിൽ നിന്നും വെള്ളക്കരമിനത്തിൽ ലഭിക്കുന്ന തുക നടത്തിപ്പ് - മെയിന്റനൻസ് ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. ഇപ്രകാരം അധിക തുക വഹിക്കുന്നതിന് തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ആവശ്യമെങ്കിൽ വെള്ളക്കരത്തിന്റെ നിരക്കുകൾ നിലവിലുള്ള ചട്ട പ്രകാരം പരിഷ്കരിക്കാവുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വരവും ചെലവും തമ്മിൽ ഭീമമായ അന്തരമാണുള്ളത്.കുടിവെള്ളപദ്ധതിയിൽ നിന്നുള്ള വരവ് വിവരം പരിശോധിച്ചതിൽ ആകെ 630 എണ്ണം ഗുണഭോക്താക്കൾ ഉള്ളതിൽ കുടിശ്ശിക വരുത്തിയ നിരവധി ഗുണഭോക്താക്കൾ നിലവിലുണ്ട്. അവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വെള്ളക്കരമിനത്തിൽ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിലില്ല.15 യൂനിറ്റ് വരെ 80 രൂപയും തുടർന്നുള്ള ഓരോ യൂനിറ്റിനും 10 രൂപ നിരക്കിലുമാണ് വെള്ളക്കരം ഈടാക്കുന്നതെന്ന് നിലവിലെ മീറ്റർ റീഡർ അറിയിച്ചു. ആയത് നിശ്ചയിച്ചത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രിന്റ് ചെയ്ത രശീതി ബുക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതാണെങ്കിലും, ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.കളക്ഷൻ രജിസ്റ്ററിൽ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരവും രേഖപ്പെടുത്തുന്നില്ല.

ആയതിനാൽ കുടിവെള്ള പദ്ധതിയുടെ കളക്ഷൻ കൃത്യമായി ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.ഒരോ മാസവും കുടിശ്ശിക വരുത്തിയവരുടെ വിവരം കൃത്യമായി ശേഖരിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കുകയോ ചെയ്യുന്നതായി കണ്ടില്ല. അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 35/30.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 അജൈവമാലിന്യങ്ങൾ സംസ്കരിക്കൽ - സർക്കാർ ഉത്തരവുകൾ പാലിച്ചില്ല.

ക്ലീൻ എടവണ്ണ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ടെണ്ടർ ലഭിച്ച Green Worms Eco Solutions, കോഴിക്കോട് എന്ന സ്ഥാപനത്തിന് വൗച്ചർ നം. 22001655/19.03.21 പ്രകാരം 2,11,080 രൂപ തനത്ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന് 14.07.2020 ഒപ്പുവെച്ച കരാർ പ്രകാരം ഒരു കിലോ അജൈവമാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് 8 രൂപ നിരക്ക് നിശ്ചയിച്ചതിൽ പ്രകാരം 26,385 കിലോ മാലിന്യങ്ങൾ കടത്തികൊണ്ടു പോയതിനാണ് തുക അനുവദിച്ചിട്ടുള്ളത്. 2,11,080 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രോജക്റ്റ് രൂപീകരിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.കാരണം വ്യക്തമല്ല.

ഹരിത കേരളം മിഷൻ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം (സാ.ഉ(സാധാ) നം. 2420/2017/ത.സ്വ.ഭ.വ തി. 15.07.2017)വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായുള്ള ഹരിത കർമ്മസേനയുടെ സഹായത്തോടെ വേണം മാലിന്യങ്ങളുടെ സംസ്കരണം നടത്തേണ്ടത്. എടവണ്ണ ഗ്രാമപഞ്ചായത്തിൽ അപ്രകാരം ഹരിത കർമ്മസേന രൂപികരിച്ചതിന്റെയും അയതിന്റെ സഹായത്തോടെ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന്റെയും,മേൽ 26,385 കിലോ മാലിന്യങ്ങൾ ശേഖരിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം.34/29.10.21) മറുപടിയിൽ,ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചിട്ട് രണ്ടു മാസത്തോളം മാത്രമാണ് ആയതെന്നും, മുൻ വർഷങ്ങളിൽ സന്നദ്ധപ്രവർത്തകർ മുഖേന വീടുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കുകയാണ് ഉണ്ടായത് എന്നുമാണ് അറിയിച്ചത്. 13-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം.11/2019/ത.സ്വ.ഭ.വ തീ. 29.01.2018പ്രകാരം ഹരിത കേരളമിഷൻ പദ്ധതിയുമായി യോജിപ്പിച്ചും ഹരിത കേരളം മിഷൻ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരവുമാണ് ശുചിത്വമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാലാക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മേൽ ഹരിതമിഷൻ ഉത്തരവ് ഒട്ടും തന്നെ പാലിക്കാതെയും, 13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവിൽ പ്രകാരം പ്രോജക്റ്റ് രൂപീകരിക്കാതെയും തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-43 ശുചിത്വ കേരളം - ക്ലീൻ എടവണ്ണ -ചെലവുരേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 18/2021

ശുചിത്വ കേരളം - ക്ലീൻ എടവണ്ണ

വിനിയോഗിച്ച തുക -37,320 രൂപ (13-ാം ധനകാര്യകമ്മീഷൻ അവാർഡ് )

ബിൽ നം. 26/20-21/26.03.21

14.07.2020 ന് ടെണ്ടർ മുഖേന തെരെഞ്ഞെടുത്ത ഗ്രീൻ വേംസ് ഇക്കോസോല്യൂഷ്യൻസ് ,കോഴിക്കോട് എന്ന സ്ഥാപനവുമായി ഒരു കിലോയ്ക്ക് 8 രൂപ നിരക്കിൽ അജൈവമാലിന്യങ്ങൾ കയറ്റി കൊണ്ടു പോകുന്നതിനായി കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. എന്നാൽ 37,320 രൂപ വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.11/25.10.21)മറുപടിയിൽ രേഖകൾ വൗച്ചറിന്റെ ഭാഗമായി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് അറിയിച്ചത്. എന്നാൽ രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. ആയത് ലഭ്യമാക്കുന്നതു വരെ പദ്ധതിക്കായി ചെലവഴിച്ച 37,320 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-44 തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല.

2020-21 വർഷത്തിൻ സെക്രട്ടറി നടത്തിയ തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച താഴെ പറയുന്ന രേഖകൾ/ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.29/29.10.21) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക (ക്രമനം. 1 മുതൽ 4 വരെ)6,22,788 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-44-1 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് നൽകിയ തുക -

**പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.**

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയ്യതി/ തുക | ചെലവിന്റെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | 22000342/15.07.2020 - 6574 രൂപ | ഒതായി-പെരകമണ്ണ സ്കൂൾ റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| 2 | 22000452/24.08.2020 - 18,197 രൂപ | നെല്ലാണി - പാലക്കുഴി റോഡ്,ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക. | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| 3 | 22000453/24.08.2020 - 6008 രൂപ | മുരിക്കും കുറ്റി ചോല- കൊമ്പൻകല്ല് റോഡ്, ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക. | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| 4 | 22000561/15.09.2020 -10,000രൂപ | പാലപ്പറ്റ – ചെറുകോട്കുന്ന് റോഡ്, ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക. | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| 5 | 22000620/30.09.2020 - 6361 രൂപ | പൊന്നാംകുന്ന് എസ് സി കോളനി റോഡ്,ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക. | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| 6 | 22000774/03.11.2020 - 10,000രൂപ | കിലുങ്ങാംകുളം- അള്ളിക്കുന്ന് റോഡ് ,ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| 7 | 22001106/21.01.21 - 10,000 രൂപ | വെള്ളച്ചാൽ - ചെറാതൊടിക റോഡ്,ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |

| | | | |
|---|---|---|---|
| 8 | 22001682/23.03.2021<br>-13,178 രൂപ | സീതിഹാജി സൗദം- പൂന്തുരുത്തി റോഡിൽ,ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| 9 | 22001640/17.03.21<br>-6491 രൂപ | ഓതായി,കുരിത്ത് ഫുട്പാത്ത്,ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |
| | ആകെ 86,809 | | |

**1-44-2 തെരുവ് വിളക്ക് സ്ഥാപനം / സൂപ്പർ വിഷൻ ചാർജ് അടവാക്കിയത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

| ക്രമ നം. | വൗച്ചർ നം./ തീയ്യതി/ തുക | ചെലവിന്റെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | 22000150/22.05.2020<br>- 17,314 രൂപ | തെരുവുവിളക്ക് സ്ഥാപിക്കൽ (വാർഡ് 14ൽ)സൂപ്പർവിഷൻ ചാർജ് അടവാക്കിയത്.<br>- അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ തിരുവാലിക്ക് നൽകിയ തുക | ഏത് പ്രോജക്റ്റിന്റെ ഭാഗമായാണ് തുക അനുവദിച്ചത് എന്ന് വ്യക്തമല്ല. പ്രവൃത്തി ചെയ്തുവോയെന്നും വ്യക്തമല്ല. |
| 2 | 22000579/17.09.2020<br>- 854 രൂപ | തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് അപേക്ഷാഫീസ്, ജി എസ് ടി ഇനങ്ങളിൽ കെ എസ് ഇ ബി ഇലക്ട്രികൽ ഡിവിഷൻ എടവണ്ണക്ക് നൽകിയ തുക | ഏത് പ്രോജക്റ്റിന്റെ ഭാഗമായാണ് തുക അനുവദിച്ചത് എന്ന് വ്യക്തമല്ല. പ്രവൃത്തി ചെയ്തുവോയെന്നും വ്യക്തമല്ല. |
| | ആകെ 18,168 | | |

**1-44-3 സ്റ്റോക്ക്,ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.**

| ക്രമ നം. | വൗച്ചർ നം./ തീയ്യതി/ തുക | ചെലവിന്റെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | 22000158/28.05.2020<br>-61,887 രൂപ | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും ഫോറങ്ങൾ,രജിസ്റ്ററുകൾ വാങ്ങിയത് | സ്റ്റോക്ക്,ഇഷ്യൂ വിവരങ്ങൾ |
| 2 | 22000424/11.08.2020<br>- 4800 രൂപ | ഇൻഡക്ഷൻ കുക്കർ,പാത്രങ്ങൾ എന്നിവ വാങ്ങിയത് ചെലവഴിച്ച തുക | സ്റ്റോക്ക്,ഇഷ്യൂ വിവരങ്ങൾ |
| 3 | 22001105/21.01.21<br>- 3,400 രൂപ | ഫിംഗർ നോക്കൗട്ട് സ്പീക്കർ വാങ്ങിയതിന് ചെലവഴിച്ച തുക | സ്റ്റോക്ക്,ഇഷ്യൂ വിവരങ്ങൾ |
| 4 | 22001109/23.01.2021<br>-97,724 രൂപ | ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും ഫോറങ്ങൾ,രജിസ്റ്ററുകൾ വാങ്ങിയത് | സ്റ്റോക്ക്,ഇഷ്യൂ വിവരങ്ങൾ |
| | ആകെ 1,67,811 | | |

## 1-44-4 ചെലവുരേഖകൾ /തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | വൗച്ചർ നം./ തീയ്യതി/ തുക | ചെലവിന്റെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | 22001652/18.03.2021 -10,000 രൂപ | പൾസ് പോളിയോ ഇമ്യൂണൈസേഷൻ ചെലവ് – മെഡിക്കൽ ഓഫീസർ സി എച്ച് സി എടവണ്ണക്ക് നൽകിയത് | ചെലവുരേഖകൾ ലഭ്യമാക്കണ്ടതാണ്. |
| 2 | 22000799/11.11.2020 – 1,10,000 രൂപ | വാർഡുതല ശുചിത്വ സമിതികൾക്ക് മഴക്കാല പൂർവ്വ ശുചീകരണം-പഞ്ചായത്ത് വിഹിതം നൽകിയത്. | ചെലവുരേഖകൾ ലഭ്യമാക്കണ്ടതാണ്. |
| 3 | 22000798/11.11.2020 – 2,20,000 രൂപ | വാർഡുതല ശുചിത്വ സമിതികൾക്ക് മഴക്കാല പൂർവ്വ ശുചീകരണം തുക നൽകിയത്. | ചെലവുരേഖകൾ ലഭ്യമാക്കണ്ടതാണ്. |
| 4 | 22000184/01.06.2020 – 10,000 രൂപ | അരീക്കോട് ഉപജില്ലാകലോൽസവം -പഞ്ചായത്ത് വിഹിതം നൽകിയത്. | തുക കൈപ്പറ്റിയതിന്റെ വിവരം |
| | ആകെ 3,50,000 | | |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 29.10.2021, 30.10.2021 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 170000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (32/21) | 170000 | 0 |
| ബ്ലോക്ക് | 240000 | ലൈഫ് ഭവന പദ്ധതി - എസ്.സി ( 12/21) | 240000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 140000 | ലൈഫ് ഭവന പദ്ധതി - എസ്.സി ( 389/21) | 140000 | 0 |
| ജില്ലാ പഞ്ചായത്ത് | 800000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (32/21) | 800000 | 0 |
| ജില്ലാ പഞ്ചായത്ത് | 215000 | ലൈഫ് ഭവന പദ്ധതി - എസ്.സി ( 12/21) | 215000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | ബിൽ നം. 04/20-21/14.05.2021 | 1,51,000 രൂപ | 0 | 1,51,000 രൂപ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)4461/2020/LSGD/ 18.12.20 | 2560000 | 12440000 | 994666 | 0 | 14005334 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 36880/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 3-9 | 36880 | ശ്രീ.ഹുസൈൻ.എം.എ, സെക്രട്ടറി | 120100500023 തി.16.01.2021 |

(വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 36880/- രൂപ വരവ് കാണിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല )

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2 | 2012-13 | 3.3 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് - ആരോഗ്യമേഖല | -- |
| 2011-12 | 3(1) | 2014-15 | 4.1 | നിഷ്ക്രിയാസ്തികൾ - അവലോകനം | -- |
| 2011-12 | 3(2) | 2014-15 | 4.2.6 | മണൽ വാരൽ - അവലോകനം | -- |
| 2014-15 | 2(1), 2(2) | 2016-17 | അദ്ധ്യായം-2, അനുബന്ധം-4 | തൊഴിൽ നികുതി, വസ്തു നികുതി- ഈടാക്കാത്തത് സംബന്ധിച്ച് | -- |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

**എ) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2008-11 | 3-17 | ശ്രീമതി.ശ്രീകല, വി.ഇ.ഒ, ഗ്രാമ വികസന വകുപ്പ് | LF6668/ Spl.Cell/SC/D1/13 /04.04.15 | 102000/- | -- | -- | -- | 102000/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 38212950 |
| ഓഡിറ്റ് വർഷത്തെ വരവ് | 129991635 |
| ആകെ | 168204594 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 135316583 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,54,798 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 40134 | ഡോ.രജീഷ്.എം, വെറ്ററിനറി സർജൻ. |
| 1-36 | 151000 | ശ്രീമതി. ആശ ഗോപാൽ, സെക്രട്ടറി |
| 1-37 | 794000 | ശ്രീമതി. ആശ ഗോപാൽ, സെക്രട്ടറി |
| 1-39 | 9600 | ശ്രീ. ജെയ്, സെക്രട്ടറി |
| 1-43 | 37320 | ശ്രീമതി. ജ്യോതി.കെ, സെക്രട്ടറി |
| 1-44 | 622744 | 1.ശ്രീമതി. ആശ ഗോപാൽ, സെക്രട്ടറി- 89201 രൂപ<br>2. ശ്രീ. ജെയ്, സെക്രട്ടറി- 5,03,918 രൂപ<br>3. ശ്രീമതി. ജ്യോതി.കെ, സെക്രട്ടറി- 1,18,870 രൂപ |
| ആകെ | 16,54,798 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 2 |
| 1998-99 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 1999-00 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 4 |
| 2000-01 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 2001-02 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 2000-01 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 5 |
| 2001-02 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 4 |
| 2003-04 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 3 |
| 2005-06 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 1 |
| 2006-07 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 3 |
| 2007-08 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 9 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ.എം.പി.എം5/1935/19 തി.11.10.2019 | 3 |
| 2011-12 | കെ.എസ്.എ.എം.പി.എം.5/3564/14 തി.26.08.2017 | 9 |
| 2012-13<br>2013-14 | കെ.എസ്.എ.എം.പി.എം.5/1408/15 തി.26.07.2017 | 11 |
| 2014-15 | കെ.എസ്.എ.എം.പി.എം.5/732/16 തി.17.07.17 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/2423/16 തി.19.02.18 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1773/17 തി.20.07.18 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം.5/12/19 തി.27.05.20 | 12 |
| 2018-19 | കെ.എസ്.എ.എം.പി.എം.5/457/2020 തി.14.07.21 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്